# ആത്മീകമായി സമ്പന്നരാകുക

## വെളിപ്പാട് 3:17

"ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞു കൊണ്ട് നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിനു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു."

ആസ്യയിലെ ഏഴു സഭകൾക്ക് എഴുതുന്ന ദൂതുകളിൽ അവസാനത്തെ സഭയായ ലവൊദിക്യ സഭയോടുള്ള ദൂതാണ് നാം വായിച്ചു കണ്ടത്. ഏതാണ്ട് അവസാന കാലഘട്ടത്തിലെ സഭയുടെ പ്രതിനിധാനം ആയി ലവൊദിക്യ സഭ നിൽക്കുമ്പോൾ ഇന്നത്തെ വിശ്വാസികൾക്കും ലോകത്തിനും ഇത് വലിയ ഒരു ദൂതാണ്.

ഇവിടെ വിരോധഭാസമായ ഒരു കാര്യമാണ് നാം കാണുന്നത്. സമ്പന്നനെങ്കിലും നിർഭാഗ്യവാൻ: ഒരു സമ്പന്നനെ ഒരിക്കലും ലോകപരമായി നിർഭാഗ്യവാൻ എന്നു വിളിക്കാൻ പറ്റുകയില്ല. ലോട്ടറി അടിക്കുന്ന ഒരുവനെ, അഥവാ സാമ്പത്തിക ഭദ്രതയുള്ള ഒരു വ്യക്തിയെ ഭാഗ്യവാൻ എന്നേ ലോകം വിളിക്കൂ. എന്നാൽ ദൈവത്തിന്റെ ആത്മാവ് സമ്പന്നനായിരുന്ന ലവൊദിക്യയെ ദരിദ്രനും അരിഷ്ടനും കുരുടനും നഗ്നനും എന്ന് സംബോധന ചെയ്യുന്നു. അതിലും പ്രധാനപ്പെട്ട കാര്യം ഈ കുറവുകളൊന്നും തങ്ങൾ തിരിച്ചറിയുന്നില്ല എന്നതാണ്.

നാം ആയിരിക്കുന്ന സമൂഹത്തിൽ ഇന്നും സഭയിൽ സമ്പന്നതക്ക് കുറവില്ല. ആത്മീകമായ എല്ലാ കാര്യങ്ങളിലും ഉള്ള പ്രൗഢി അഥവാ അഭിവൃദ്ധി അതിന്റെ പൂർണ്ണതയിൽ തന്നെ വരച്ചു കാണിക്കാൻ വെമ്പൽ കൊള്ളുന്ന കാലം. എന്നാൽ ഈ സമ്പന്നത ഹൃദയത്തിൽ എത്രത്തോളം ഉണ്ട് എന്നതാകുന്നു പ്രശ്നം.

ലവൊദിക്യ സഭ സമ്പന്നനാണ്. എന്നാൽ അത് എങ്ങനെ അനുഭവിക്കും എന്നറിയാതെ നിൽക്കുന്നു. വസ്ത്രവ്യാപാരത്തിൽ മുന്തിനിന്നിരുന്നതായ ഈ പ്രദേശത്തെ എന്തുകൊണ്ട് ദൈവം നഗ്നനായി എണ്ണി. യഥേഷ്ടം കൈയ്യിലിരിക്കുന്നതിനെ വേണ്ടതുപോൽ ഉപയോഗിക്കാൻ അറിയുന്നില്ല. കാരണം അവന്റെ കാഴ്ചപ്പാടുകൾക്കും മങ്ങലേറ്റിരിക്കുന്നു. അരിഷ്ടനെന്ന് സംബോധന ചെയ്യണമെങ്കിൽ ആരോഗ്യവും ബലഹീനം.

നമ്മുടെ യഥാർത്ഥ അവസ്ഥ എന്താകുന്നുവെന്ന് ശോധന ചെയ്യാൻ ഈ വാക്യം ഇടയാക്കട്ടെ. ദൈവിക ന്യായവിധിക്കു മുമ്പിൽ നാം നിൽക്കേണ്ടവരാകുന്നു. അന്ന് സമ്പന്നത ഏതു വിഷയത്തിലായിരുന്നുവെന്ന് വാസ്തവമായും വെളിപ്പെടും. ജീവിതത്തിന്റെ കുരുടുകളെയും, ദാരിദ്രത്തെയും, നഗ്നതയുടെയും അനുഭവങ്ങളെയും നീക്കി യഥാർത്ഥ ശക്തിയുള്ള സമ്പന്നനാവാൻ ദൈവകരങ്ങളിൽ കൊടുക്കാം. അതിലെ ചിലത് ചിലവഴിക്കുവാൻ ഏല്പിച്ചു കൊടുത്തേ മതിയാകൂ. വില കൊടുത്തെങ്കിലേ ലേപം ലഭിക്കുകയുള്ളു. "മുത്തു വ്യാപാരിയുടെ" ഉപമ പഠിപ്പിക്കുന്നതു പോലെ, വിലയേറിയതായി കൈയ്യിൽ ഇരിക്കുന്ന മുത്തുകൾ അനേകം ആയിരുന്നു. എന്നാൽ വിലയേറിയതിനെ, വിശേഷ്യമായതിനെ, മേത്തരമായതിനെ കണ്ടു കിട്ടിയപ്പോൾ കൈയ്യിലുള്ളതു മുഴുവൻ വ്യാപാരം ചെയ്യാൻ അവൻ തയ്യാറായി. അതെ, സത്യമായത് വാങ്ങണമെങ്കിൽ അസത്യമായ ചിലതിനെ വിട്ടേ പറ്റൂ. ലോകത്തിന്റെ മുമ്പിൽ സമ്പന്നനും, മാന്യനും ആകാൻ ഈ "സത്യമെന്ന് തോന്നിപ്പിക്കുന്ന അസത്യ മുത്തുകൾ" മാത്രം മതി. നമ്മുടെ കൈവശം അമൂല്യമെന്ന് കരുതി സൂക്ഷിക്കുന്ന ചിലതിനെ വ്യാപാരം ചെയ്യാൻ ഈ നാളുകളിൽ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം. സമ്പന്നനെന്ന് ലോകം വിളിച്ചില്ലെങ്കിലും, ദൈവസന്നിധിയിൽ നിന്നും തള്ളപ്പെട്ടു പോകാതെ വിശ്വസ്ത ദാസനായി കടന്നു ചെല്ലാൻ ഇടയാകട്ടെ. ജീവിതത്തിന്റെ കുറവുകളെ കണ്ടെത്തി ശക്തിയോടെ ജീവിക്കാൻ ദൈവകൃപ ഏവരെയും സഹായിക്കട്ടെ. ദൈവം ദാനമായി തന്നിരിക്കുന്ന ജീവിതാനുഭവങ്ങളെ, നന്മകളെ ദൈവേഷ്ടപ്രകാരം, അവന്റെ മഹത്വത്തിനായി തീർക്കാൻ പ്രാർത്ഥിക്കാം.

പരാമർശം :

റോമർ 11:33

ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 059**